LIBRARY ARCHIVES Kerala Legislative Assembly

ഐ.സി.ഡി.എസ്. പദ്ധതി

79 (529) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ. സി. ഡി. എസ് പദ്ധതിയിൻകീഴിൽ എത്ര പുതിയ അങ്കണവാടികൾ അനുവദിച്ചുവെന്ന് അറിയിക്കുമോ ;

(ബി) ഇതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) അഴീക്കോട് നിയോജകമണ്ഡലത്തിൽ ഇവ എത്രയെണ്ണം അനുവദിച്ചുവെന്ന് അറിയിക്കുമോ ;

(ഡി) ഇവയിൽ എത്രയെണ്ണം ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ സർക്കാരിന്റെ കാലത്ത് അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും പ്രൊമോഷൻ അനുവദിച്ചിട്ടുണ്ടോ ;

(എഫ്) എങ്കിൽ അതിന്റെ വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) 7722 പുതിയ അങ്കണവാടികൾ അനുവദിച്ചിട്ടുണ്ട്.

(ബി) ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(സി) 41 അങ്കണവാടികൾ അനുവദിച്ചിട്ടുണ്ട്.

(ഡി) ഇവയിൽ 40 അങ്കണവാടികളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ഇ&എഫ്) ഉണ്ട്. ഹെൽപ്പർ തസ്തികയിൽ 10 വർഷത്തെ സേവന ദൈർഘ്യവും എസ്.എസ്.എൽ.സി. പാസ്സായിട്ടുള്ളവരുമായ അങ്കണവാടി ഹെൽപ്പർമാരെ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻതലത്തിൽ ആകെയുള്ള അങ്കണവാടി വർക്കർ തസ്തികയുടെ 25% തസ്തികയിൽ പ്രൊമോട്ടുചെയ്ത് വർക്കറായി നിയമിക്കുന്നതിന് നടപടിസ്വീകരിച്ചിട്ടുണ്ട്. കൂടാതെ സൂപ്പർവൈസർ തസ്തികയുടെ 29% വർക്കർമാർക്ക് പി.എസ്.സി. മുഖാന്തിരം നിയമനം നടത്തുന്നതിന് സംവരണംചെയ്തിട്ടുണ്ട്.

സാമൂഹ്യക്ഷേമ വകുപ്പിൽ നടപ്പിലാക്കിയ പദ്ധതികൾ

80 (530) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ കഴിഞ്ഞ അഞ്ചു വർഷമായി നടപ്പിലാക്കിയപരിഷ്ക്കാരങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് പുതുതായി എത്ര ഐ.സി.ഡി.എസ്. ഓഫീസുകളാണ് തുടങ്ങിയതെന്ന് വെളിപ്പെടുത്തുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) വിവരം ശേഖരിച്ചുനല്കുന്നതാണ്.

(ബി) 95 ICDS പ്രോജക്ട് ഓഫീസുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

അങ്കണവാടികളുടെ പ്രവർത്തനം

81 (531) ശ്രീമതി ജെ. അരുന്ധതി :
ശ്രീമതി കെ. കെ. ലതിക :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. എം. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കണവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ഈ സർക്കാർ വന്നശേഷം എത്ര അങ്കണവാടികൾ പുതുതായി ആരംഭിച്ചിട്ടുണ്ട് ;

(ഡി) അങ്കണവാടി പ്രവർത്തകർക്കായി ആവിഷ്കരിച്ച ക്ഷേമനിധിയുടെയും പെൻഷൻ പദ്ധതിയുടെയും വിശദാംശം നൽകുമോ ;

(ഇ) അങ്കണവാടി പ്രവർത്തകർക്കുള്ള ആനുകൂല്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ നാലുവർഷകാലത്തിനുള്ളിൽ വിവിധ പദ്ധതികളിലുൾപ്പെടുത്തി 1500-ഓളം അങ്കണവാടികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ടോട്ടൽ സാനിറ്റേഷൻ പദ്ധതിപ്രകാരം 4494 അങ്കണവാടികൾക്ക് ബേബി ഫ്രണ്ട്ലി ടോയ്ലറ്റുകൾ ലഭ്യമാക്കിയിട്ടുണ്ട്. കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ഇല്ലാത്ത അങ്കണവാടികൾക്ക് മറ്റു വകുപ്പുകളുടേയും ലഭ്യമായ സ്കൂളുകളുടേയുംവക സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അങ്കണവാടികൾക്ക് ആവശ്യമായ ഫ്രീ സ്കൂൾ കിറ്റ്, മെഡിസിൻ കിറ്റ് എന്നിവ മുൻവർഷങ്ങളിലെന്നപോലെ നടപ്പുസാമ്പത്തിക വർഷവും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അങ്കണവാടികളിലെ ഗുണഭോക്താക്കളായ മൂന്ന് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് കുടുബശ്രീമിഷൻ യൂണിറ്റുകൾ തയ്യാറാക്കുന്ന ന്യൂട്രിമിക്സ്, ഭക്ഷ്യമിശ്രിതം ടേക്ക് ഹോം റേഷനായി അങ്കണവാടികൾവഴി നൽകിവരുന്നു. അങ്കണവാടികളിലെ ഫ്രീ സ്കൂൾ കുട്ടികൾക്ക് മോണിംഗ് സ്നാക്സ് നൽകിവരുന്നു. അങ്കണവാടി ഗുണഭോക്താക്കൾക്ക് നൽകിവരുന്ന സപ്ലിമെന്ററി ന്യൂട്രീഷന്റെ തോത്

LIBRARY ARCHIVES Kerala Legislative Assembly